VI. മലബാർ ദേവസ്വം ബിൽ സംബന്ധിച്ച സെലക്ട് കമ്മിറ്റി റിപ്പോർട്ട്

ശ്രീ. എ. കെ. ബാലൻ: ബഹുമാനപ്പെട്ട കേരള ഹൈക്കോടതി വിധി പ്രകാരം കേരള നിയമസഭ രൂപം കൊടുത്ത മലബാർ ദേവസ്വം ബിൽ സെലക്റ്റ് കമ്മിറ്റിക്ക് വിട്ടു. സെലക്ട് കമ്മിറ്റിക്ക് വിട്ടതിനുശേഷം ഇന്നേവരെ പ്രായോഗികമായി അതിന്റെ പ്രവർത്തനം നടന്നിട്ടില്ല. മലബാർ ദേവസ്വം ബില്ലുമായി ബന്ധപ്പെട്ട് എപ്പോഴാണ് സെലക്ട് കമ്മിറ്റിയുടെ റിപ്പോർട്ട് സഭയിൽ വയ്ക്കാൻ പോകുന്നത്?

.....(ബഹളം).....(ബഹളം).....

മി. ഡെപ്യൂട്ടി സ്പീക്കർ: ഈ പ്രശ്നം ഉന്നയിക്കേണ്ട കാര്യമില്ല. അന്വേഷിക്കാൻ ഏർപ്പാട് ചെയ്തിട്ടുണ്ട്.

VII. ധനകാര്യം

2004-2005 സാമ്പത്തിക വർഷത്തേക്കുള്ള ബഡ്ജറ്റിലെ ധനാഭ്യർത്ഥനകളിന്മേലുള്ള ചർച്ചയും വോട്ടെടുപ്പും

ബഡ്ജറ്റ് എസ്റ്റിമേറ്റ് 2004-2005

ധനാഭ്യർത്ഥന നമ്പർ	ധനാഭ്യർത്ഥനയുടെ പേര്	4-2-2004-ൽ സഭ പാസ്സാക്കിയ വോട്ട് ഓൺ അക്കൗണ്ട് തുക		സഭയുടെ വോട്ടിന് സമർപ്പിക്കുന്ന ധനാഭ്യർത്ഥനയുടെ തുക		ആകെ തുക
		റവന്യൂ (₹)	മൂലധനം (₹)	റവന്യൂ (₹)	മൂലധനം (₹)	(₹)
(1)	(2)	(3)	(4)	(5)	(6)	(7)
IX	വാഹന നികുതികൾ	6,02,32,000	. .	12,04,68,000	. .	12,04,68,000
XLI	ഗതാഗതം	6,27,70,000	12,43,17,000	12,55,41,000	24,86,34,000	37,41,75,000
XV	പൊതുമരാമത്ത്	211,48,98,000	27,09,33,000	422,97,95,000	54,18,67,000	477,16,62,000

ഗതാഗത വകുപ്പ് മന്ത്രി (ശ്രീ. ആർ. ബാലകൃഷ്ണപിള്ള): വാഹന നികുതികൾ എന്ന IX-ാം നമ്പർ ധനാഭ്യർത്ഥനയുടേയും ഗതാഗതം എന്ന XLI-ാം നമ്പർ ധനാഭ്യർത്ഥനയുടേയും പേരിൽ കാര്യവിവരപട്ടികയിൽ സൂചിപ്പിച്ചിട്ടുള്ള ലിസ്റ്റിൽ പ്രസ്തുത ധനാഭ്യർത്ഥനകൾക്കു നേരെ 7-ാം കോളത്തിൽ യഥാക്രമം കാണിച്ചിട്ടുള്ള തുക 2004-05 സാമ്പത്തിക വർഷത്തെ ചെലവുകൾ പൂർത്തീകരിക്കുന്നതിനായി അനുവദിക്കണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly